(സി) വിലങ്ങ് വച്ചിരുന്നു.

(ഡി) പ്രാഥമികാന്വേഷണത്തിൽ കൈവിലങ്ങ് വയ്ക്കുന്നതിന് കോടതിയുടെ മുൻകൂർ അനുമതി തേടിയിട്ടില്ലായിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലേ ആരെങ്കിലും നിർദ്ദേശം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഇ) അഞ്ചു വിദ്യാർത്ഥികളെയാണ് കൈയാമം വച്ചത്. ഇവരെ കൈയാമം വച്ച പോലീസുകാർ തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ എച്ച്.സി.-മാരായ ദിവാകരൻ, ജയരാജ്, പോലീസ് കോൺസ്റ്റബിൾമാരായ മനു, ഗിരീശൻ, റോയ് എന്നിവരാണ്.

(എഫ്) തിരുവനന്തപുരം സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിയുന്ന വിദ്യാർത്ഥി നേതാക്കളെ കോടതിയിൽ കൊണ്ടുപോയപ്പോൾ കൈയിൽ വിലങ്ങു വച്ചിരുന്നത് സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടില്ല.

ജയിലുകളിലെ ഭക്ഷണനിരക്ക്

88 (4523) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഇന്ന് നൽകിവരുന്ന ഭക്ഷണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ഒരാൾക്ക് ഒരു ദിവസം എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏത് വർഷമാണ് ഈ നിരക്ക് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തടവുകാർക്ക് രാവിലെയും വൈകിട്ടും 30 മി.ലി. വീതം പാൽ (ആകെ 60 മി.ലി.) ചേർത്ത് ചായ നൽകുന്നു. ഇതിനുപുറമേ രാവിലെ 200 ഗ്രാം ഗോതമ്പിന്റെ ചപ്പാത്തി (ഇല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലോ) തേങ്ങാ ചമ്മന്തിയോടൊപ്പം നൽകുന്നു. ഉച്ചയ്ക്ക് 250 ഗ്രാം അരിയുടെ ചോറും കറിയായി 55 മി.ലി. തൈരും ആഴ്ചയിൽ മൂന്നു ദിവസം സാമ്പാർ, രണ്ടുദിവസം മീൻകറി, ഒരുദിവസം ആട്ടിറച്ചി, 57 ഗ്രാം ഉരുളക്കിഴങ്ങിനോടൊപ്പം ഒരു ദിവസം പയർകറി (മത്സ്യം, ഇറച്ചി ഇവ കഴിക്കാത്തവർക്ക് പകരം 350 ഗ്രാം പച്ചക്കറി) എന്ന നിരക്കിലും വൈകിട്ടും എല്ലാ ദിവസും 200 ഗ്രാം അരിയുടെ ചോറും ആഴ്ചയിൽ മൂന്നു ദിവസം 170 ഗ്രാം ഉണക്കക്കപ്പ, അല്ലെങ്കിൽ 340 ഗ്രാം പച്ചക്കപ്പ, 57 ഗ്രാം ചെറുപയർ ചേർത്ത കറിയും നാലു ദിവസം കുമ്പളങ്ങ, മത്തങ്ങ, ഏത്തക്കാ വാഴയ്ക്കാ, ചേന, ചേമ്പ് തുടങ്ങിയവ ഉൾപ്പെട്ട 312 ഗ്രാം വെജിറ്റബിൾ 28 ഗ്രാം

LIBRARY ARCHIVES Kerala Legislative Assembly

കടലയോടൊപ്പം പുഴുക്ക് തേങ്ങാ ചേർത്ത് നൽകുന്നു. തുറന്ന ജയിലിലെ തടവുകാർക്ക് രാവിലത്തെ ഗോതമ്പ് ഭക്ഷണത്തിനൊപ്പം 100 ഗ്രാം അരിയുടെ കഞ്ഞിയും നൽകുന്നുണ്ട്. വിഷു, ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്, ഈസ്റ്റർ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ഡേ, ഗാന്ധിജയന്തി എന്നീ വിശേഷ ദിവസങ്ങളിൽ (പ്രതിവർഷം 9 എണ്ണം) വിശേഷാൽ സദ്യയും നൽകിവരുന്നുണ്ട്. തടവുകാർക്ക് നൽകിവരുന്ന ഭക്ഷണത്തിന്റെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി&സി) തടവുകാരുടെ പ്രതിദിന ഭക്ഷണത്തിനുവേണ്ടി ഒരു നിശ്ചിത തുക അനുവദിക്കുന്ന രീതി നിലവിലില്ല. എന്നാൽ വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങളെ ഉദ്ദേശിച്ച് കാലാകാലങ്ങളിൽ രൂപീകരിക്കപ്പെടുന്ന ജയിൽ പരിഷ്ക്കരണ കമ്മിറ്റി പോലുള്ള കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിലും വിവിധ കാലഘട്ടങ്ങളിലായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭക്ഷണം ഒരു നിശ്ചിത അളവിൽ നൽകുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) തടവുകാർക്ക് നൽകിവരുന്ന ആഹാരക്രമങ്ങളെക്കുറിച്ച് പഠിച്ച് അവ പരിഷ്ക്കരിക്കുന്നതിനും മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിനുമായി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർപേഴ്സണും ജയിൽ ആസ്ഥാന കാര്യാലയം ഡി.ഐ.ജി., തിരുവനനന്തപുരം സെൻട്രൽ ജയിൽ മെഡിക്കൽ ഓഫീസർ, സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബ്യൂറോയുടെ കീഴിലുള്ള ഒരു ഡയറ്റീഷ്യൻ എന്നിവർ മെമ്പർമാരും നെട്ടുകാൽത്തേരി തുറന്ന ജയിൽ സൂപ്രണ്ട് മെമ്പർ സെക്രട്ടറിയും ആയി 14-3-2003 തീയതിയിലെ ജി.ഒ. (ആർ‌ടി.)413/2003/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ സെൻട്രൽ ജയിലിൽ പരോൾ അനുവദിക്കുന്നതിന് വിവേചനം കാണിക്കുന്നതായ പരാതി

89 (4524) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോൾ ആകെ എത്ര തടവുകാരാണുള്ളത് ;

(ബി) ഇതിൽ വനിതാ തടവുകാർ എത്രയാണ് ;

(സി) ഇതിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ എത്രയാണ് ;

(ഡി) ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇപ്പോൾ പരോൾ നൽകുന്നതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly